Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1234(52) തീയതി: 22.07.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഐടി കോ-ഓർഡിനേറ്റർമാർക്കും നൽകുന്ന ഏകദിന പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.07.2019-ലെ എൻ.ഇ.പി(3)/ 24983/2019/ഡി.ജി.ഇ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഐടി കോ-ഓർഡിനേറ്റർമാർക്കും ഒരു ദിവസത്തെ പരിശീലനം നൽകുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള സർക്കുലർ സൂചന പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശീലനം നടത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പ്രഥമാധ്യാപകർക്കും (ഒരു ക്യാമ്പസിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുണ്ടെങ്കിൽ മൂന്നിലെയും പ്രഥമാധ്യാപകർ) HITC, VHITC മാർക്കും എണ്ണത്തിന് അനുസരിച്ച് പ്രത്യേകം (40 മുതൽ 50 വരെ) ബാച്ചുകളായി പരിശീലനം ക്രമീകരിക്കേണ്ടതാണ്.

2. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ഡി.ഇ.ഒ.മാരുമായി ആലോചിച്ച് പരിശീലന തീയതിയും പരിശീലനകേന്ദ്രവും തീരുമാനിക്കേണ്ടതാണ്.

3. ജില്ലയിലെ പരിശീലന കേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർ സ്കൂളുകളെ അറിയിക്കേണ്ടതാണ്.

4. പരിശീലനത്തിൽ പങ്കെടുക്കുന്നവരും പരിശീലകരും പരിശീലനസമയം ആരംഭിക്കുന്നതു മുതൽ കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

5. സ്റ്റേറ്റ് ഓഫീസിൽ നിന്നും നൽകുന്ന മൊഡ്യൂളുകൾക്കനുസരിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.

6. പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്.

7. പരിശീലനത്തെക്കുറിച്ചുള്ള ഫീഡ്ബാക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് പരിശീലകർ കൃത്യമായി ഉൾപ്പെടുത്തേണ്ടതുമാണ്.

8. ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പ്രഥമാധ്യാപകരുടെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 200/- രൂപയും ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി ഐടി കോ-ഓർഡിനേറ്റർമാരുടെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125/- രൂപയും മെസ് അലവൻസായി നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക ഡി.ആർ.സി.ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും രസീതുകളും വൗച്ചറുകളും ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
അക്കൗണ്ട്സ് സെക്ഷൻ/സ്റ്റോക് ഫയൽ